**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2216** **11-10-2021 - ൽ മറുപടിയ്ക്ക്**

**നഗരത്തിൽ താഴ്ന്ന വരുമാനക്കാർക്കുള്ള താമസസൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നഗരപ്രദേശങ്ങളിൽ താഴ്ന്ന വരുമാനക്കാർക്ക് കുറഞ്ഞ വാടകകയ്ക്ക് താമസ സൗകര്യം ലഭ്യമാക്കുവാൻ കേന്ദ്ര സംസ്ഥാന സർക്കാരുകളും നഗരസഭകളും സംയുക്തമായി നടപ്പാക്കുന്ന അഫോഡബിൾ റെന്റൽ ഹൗസിംഗ് കോംപ്ലസ് പദ്ധതി ഉടനടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഈ പദ്ധതിയിൽ പാലാ മുനിസിപ്പാലിറ്റിയെ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (എ) | നഗര പ്രദേശത്ത് വിവിധ ആവശ്യങ്ങൾക്കായി താമസിക്കുന്ന താഴ്ന്ന വരുമാനത്തിൽപ്പെട്ടവർക്ക് ജോലി സ്ഥലത്തിനടുത്ത് താങ്ങാൻ കഴിയുന്ന വാടകയ്ക്ക് മാന്യവും സുരക്ഷിതവുമായ താമസ സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര-ഭവന നഗരകാര്യ മന്ത്രാലയം സംസ്ഥാന-പ്രാദേശിക സർക്കാരുകളുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് അഫോർഡബിൾ റെന്റൽ ഹൗസിംഗ്കോംപ്ലക്സ് (ARHCs). കുടിയേറ്റ തൊഴിലാളികൾ, വ്യാപാര/വ്യവസായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ, തെരുവ് കച്ചവടക്കാർ, വിദ്യാർത്ഥികൾ ഉടങ്ങിയ വിഭാഗങ്ങൾക്കായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പ്രധാനമന്ത്രി ആവാസ് യോജന (നഗരം) പദ്ധതിയുടെ ഉപപദ്ധതിയായി സംസ്ഥാന-പ്രദേശിക സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിലാണ് ARHC പദ്ധതി നടപ്പിലാക്കുന്നത്. കുടുംബശ്രീയാണ് പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസി. G.O. (RT) No. 1857/2020/LSGD Dated 9/10/2020 പ്രകാരം പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാരുമായി MOA യിൽ ഏർപ്പെടുന്നതിന് അനുമതി നൽകിയിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ 7/9/2020-ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി MOA യിൽ ഏർപ്പെട്ടു. 18/9/2021-ന് തിരുവനന്തപുരത്ത് വച്ച് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പദ്ധതിയുടെ സംസ്ഥാനതല പ്രഖ്യാപനം നടത്തി. ഈ പദ്ധതിയിൽ നിലവിൽ പാലാ നഗരസഭ പ്രോജക്റ്റുകൾ ഒന്നും സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ